# 13-ാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നമ്പർ:180** **12/02/2013-ൽ മറുപടിയ്ക്ക്**

### സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പാലോട് രവി<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. വി.റ്റി. ബൽറാം | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാം; | (എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ സംസ്ഥാന ഭാരവാഹികൾ തയ്യാറാക്കിയ വാർഷിക പ്രവർത്തന കലണ്ടർ പ്രകാരമാണ് എസ്.പി.സി. പദ്ധതി സ്കൂളുകളിൽ നടപ്പിലാക്കി വരുന്നത്. കേഡറ്റുകൾക്ക് പരിശീലനം നൽകുന്നതിനായി ഓരോ സ്കൂളിലും പരിശീലനം ലഭിച്ച രണ്ട് അദ്ധ്യാപകരെ കമ്മ്യൂണിറ്റി പോലീസ് ഓഫീസർമാരായും, സ്ഥലത്തെ പോലീസ് സ്റ്റേഷനിൽ നിന്നും രണ്ട് പോലീസ് ഉദ്യോഗസ്ഥരെ ഡ്രിൽ ഇൻസ്ട്രക്ടർമാരായും നിയമിച്ചിട്ടുണ്ട്. 19 പോലീസ് ജില്ലകളിലും പദ്ധതിയുടെ ജില്ലാതല പ്രവർത്തനങ്ങളുടെ മേൽ നോട്ടം വഹിക്കുന്നതിനായി ഡി. വൈ. എസ്.പി. റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ ജില്ലാ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. ഇപ്രകാരം മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരുടെ (ജില്ലാ നോഡൽ ഓഫീസർമാരുടെ) ഒരു യോഗം എല്ലാ മാസവും സ്റ്റേറ്റ് നോഡൽ ഓഫീസറുടെ നേതൃത്വത്തിൽ നടത്തി വരുന്നുണ്ട്. മൂന്നുമാസത്തിലൊരിക്കൽ |

സംസ്ഥാന ഉപദേശക സമിതി യോഗം ചേർന്ന് പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും വിശകലനം ചെയ്യുകയും ചെയ്തു വരുന്നുണ്ട്. കൂടാതെ പദ്ധതിയുമായി സഹകരിക്കുന്ന വകുപ്പുകളുടെ ഉദ്യോഗസ്ഥരുടെ പങ്കാളിത്തം ആവശ്യാനുസരണം ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ബി) വിദ്യാർത്ഥികളുടെ നേതൃത്വശേഷിയും കർമ്മശേഷിയും ആത്മവിശ്വാസവും വർദ്ധിപ്പിക്കാനുതകുന്ന എന്തെല്ലാം പദ്ധതികളാണ് എസ്. പി. സി. വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) പദ്ധതിയിൽ കുട്ടികളുടെ കായിക ക്ഷമത, സ്വഭാവരൂപീകരണം, നേതൃത്വ ഗുണം, അച്ചടക്കം, ആത്മ വിശ്വാസം, സാമൂഹ്യ പ്രതിബദ്ധത എന്നിവ വർദ്ധിപ്പിക്കുന്നതിനായി പരേഡ്, പി.ടി, യോഗ, കളരി എന്നിവയുടെ പരിശീലനവും, ക്രോസ് കൺട്രി, റോഡ് വാക് ആന്റ് റൺ എന്നിവയും നടത്തി വരുന്നുണ്ട്. വിവിധ ശാസ്ത്ര സാങ്കേതിക വിഷയങ്ങളിലെ പ്രഗൽഭരുടെ ക്ലാസ്സുകളും ഭരണം, നീതിന്യായം സാമൂഹ്യക്ഷേമം എന്നിവയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനുള്ള അവസരവും നൽകി വരുന്നുണ്ട്. ഓരോ വർഷവും രണ്ട് അവധികാല ക്യാമ്പുകളും ഒരു പ്രകൃതി പഠന യാത്രയും ജില്ലാതല സമ്മർ ക്യാമ്പും നടത്തി വരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ ഓരോ എസ്.പി.സി. സ്കൂളിൽ നിന്നും തിരഞ്ഞെടുത്ത മികച്ച കേഡറ്റുകളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സംസ്ഥാനതല സമ്മർക്യാമ്പും നടത്തി വരുന്നുണ്ട്.

വർഷംതോറും സംസ്ഥാനത്തെ എല്ലാ എസ്.പി.സി. കേഡറ്റുകളേയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു എസ്.പി.സി. ക്വിസ് മത്സരവും റോഡ് സുരക്ഷ, ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം, പ്രകൃതി സംരക്ഷണം, നിയമ വ്യവസ്ഥ അവബോധം തുടങ്ങിയ വിവിധ സാമൂഹ്യ വിഷയങ്ങളെ ആസ്പദമാക്കിയുള്ള പ്രായോഗിക പരിശീലനവും നൽകി വരുന്നുണ്ട്.

(സി) പൊതുമേഖലാ സ്ഥാപനങ്ങളെയും തദ്ദേശഭരണ സ്ഥാപനങ്ങളെയും ഈ പദ്ധതിക്കുവേണ്ടി പ്രയോജനപ്പെടുത്തുമോ; വിശദമാക്കുമോ;

(സി) ആഭ്യന്തരം, വിദ്യാഭ്യാസം, തദ്ദേശ സ്വയം ഭരണം, മോട്ടോർ വാഹനം, എക്സൈസ്, വനം എന്നീ വകുപ്പുകളുടെ സഹകരണത്തോടുകൂടിയാണ് ഈ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി വരുന്നത്.

(ഡി) എന്തെല്ലാം പ്രോത്സാഹനങ്ങളാണ് വിദ്യാഭ്യാസ രംഗത്തും പോലീസ് സേന തെരഞ്ഞെടുപ്പിലും ഇവർക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) രണ്ട് വർഷത്തെ പരിശീലനപരിപാടി വിജയകരമായി പൂർത്തീകരിക്കുന്ന കേഡറ്റുകൾക്ക് പ്രോത്സാഹനാർത്ഥം എസ്.എസ്.എൽ.സി./പ്ലസ്ടു പരീക്ഷയിൽ ഗ്രേസ് മാർക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ പരിശീലനം പൂർത്തീകരിച്ച കേഡറ്റുകൾക്ക് യൂണിഫോംഡ് സർവ്വീസിലേക്ക് പി. എസ്. സി. മുഖേനയുള്ള നിയമനത്തിൽ മുൻതൂക്കം നൽകുന്നതിനുള്ള ശുപാർശ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ